## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : T 572 — 08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>'' ഹൈബി ഈഡൻ<br>'' വർക്കല കഹാർ<br>'' എം. എ. വാഹീദ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്<br>സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ ഉള്ള എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങളേയും, ബി.പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന്, അധിക മാനദണ്ഡം പുറപ്പെടുവിച്ചിരുന്നു. ഒരു വീട്ടിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥ/ ഉദ്യോഗസ്ഥനും, ഭർത്താവ്/ ഭാര്യയും പ്രായപൂർത്തിയാകാത്ത മക്കളും ഉൾപ്പെടുന്ന പട്ടിക വർഗ്ഗ കുടുംബങ്ങളെ എ. പി.എൽ. കുടുംബമായും, ആ കുടുംബത്തിലെ മറ്റംഗങ്ങളിൽ ആരും സർക്കാർ/ അർദ്ധ സർക്കാർ / പൊതു മേഖലയിലെ സ്ഥിരം ജോലിക്കാരല്ലെങ്കിൽ അവരെ ആ വീട്ടിലെ പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തി മുൻ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഭേദഗതികളാണ് മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| (സി) | ഇത് മൂലം പട്ടികവർഗ്ഗ കുടുംബ ങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളും സൗകര്യങ്ങളു മാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ അർഹരായ എല്ലാ പട്ടിക വർഗ്ഗക്കാർക്കും, സർക്കാർ അനുവദിക്കുന്ന ഒരു രൂപ അരി, സൗജന്യ ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെ എല്ലാ ബി.പി.എൽ ആനുകൂല്യ ങ്ങളും ഇവർക്ക് ലഭിക്കുന്നതാണ്. |
| (ഡി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുള്ളതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ